# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## താനാളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM22/438/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താനാളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM22/438/2023 തീയ്യതി: 23/03/2023

## മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-01-2022 മുതൽ 25-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-02-2023 | 07-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-02-2023 | 07-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുനാസർ പി , ഓഡിറ്റ് ഓഫീസർ

ശ്രീമതി.അസീന എ.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലത ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ഷീബ പി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. മല്ലിക ടീച്ചർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റാംജിലാൽ പി. | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. അജിതാനാഥ് എസ്.ജി. | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ഡോ. ഹേമലത | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീ. ജേക്കബ് ജോർജ് | കൃഷി ഓഫീസർ | 01-04-2021 | 03-08-2021 |
| ഡോ. ശിൽപ | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |
| ശ്രീമതി. ഗായത്രി കെ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ശ്രുതി കെ.ടി. | മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി | 01-04-2021 | 31-03-2022 |
| ശ്രീ. മഹേഷ് ഒ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. വിബിത സി. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2021 | 31-07-2021 |
| ശ്രീമതി. ബേബി ഷിഫ സി. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-08-2021 | 31-03-2022 |
| ഡോ. ലുക്മാൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ശ്യാമാധരൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. പ്രേമരാജൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. ഷംസീർ | കൃഷി ഓഫീസർ | 04-08-2021 | 27-10-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന-അപാകതകൾ | 1-11 |
| 12 | രസീത് ബുക്ക് ഉപയോഗത്തിലെ അപാകതകൾ | 1-12 |
| 13 | സർക്കാർ അനുമതിയില്ലാത്ത പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി മുഖേനെ നടത്തി | 1-13 |
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. | 1-14 |
| 15 | അസി. എഞ്ചിനീയർ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല | 1-15 |
| 16 | കണക്കിൽ പെടാത്ത പണം ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-16 |
| 17 | ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി | 1-17 |
| 18 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-18 |
| 19 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 21 | റൂർബൻ മിഷൻ പദ്ധതി- KWAയിൽ 3.5കോടി നിക്ഷേപിച്ചു- പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 22 | ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം- ചെലവഴിക്കാത്ത തുക തിരികെ ലഭ്യമായില്ല | 1-22 |
| 23 | പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കാതെ വെള്ളക്കരം അടവാക്കുന്നു | 1-23 |
| 24 | EMS സ്റ്റേഡിയം കെട്ടിടം വൈദ്യുതീകരണം- ടെണ്ടർ വേരിയേഷൻ കുറവ് ചെയ്തതിൽ അപാകത – 7712രൂപ അധികം ചെലവഴിച്ചു | 1-24 |
| 25 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-25 |
| 26 | തരിശ് നെൽകൃഷി : അപാകതകൾ | 1-26 |

| | | |
|---|---|---|
| 27 | ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകൽ - ആദായ നികുതി ഈടാക്കിയില്ല | 1-27 |
| 28 | പൂരക പോഷകാഹാര വിതരണം - അപാകതകൾ | 1-28 |
| 29 | മരാമത്ത് നിർവ്വഹണം- പൊതു അപാകതകളും നിർദ്ദേശങ്ങളും | 1-29 |
| 30 | സർക്കാർ നിബന്ധനകൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേനെ പ്രവൃത്തി നടത്തി | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി | 3-1 |
| 2 | EMSസ്റ്റേഡിയം കെട്ടിടം വൈദ്യുതീകരണം- ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യതിൽ അപാകത – 7712രൂപ അധികം ചെലവഴിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021 -22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1./19.02.2021 | 13(1)/26.2.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 25.7.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47423610 |
| വരവ് | 112406158 |
| ആകെ | 159829768 |
| ചെലവ് | 107141324 |
| നീക്കിയിരിപ്പ് | 52688444 |

### 1-4 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24066418 | 24066418 | 23966418 | 100000 |
| വികസനഫണ്ട് (SCP) | 0 | 3381582 | 3381582 | 3381582 | 0 |
| CFC (Tied ) | 0 | 14660033 | 14660033 | 5062637 | 9597396 |
| CFC (Untied) | 0 | 5921174 | 5921174 | 5046618 | 874556 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 0 | 13476200 | 13476200 | 7783505 | 5692695 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 8609638 | 8609638 | 6812837 | 1796801 |
| ബി.ഫണ്ട് | 0 | 93783800 | 93783800 | 93783800 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 238 | 153308626 | 148 | 87068984 | 80 | 10 | 62.1 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 110703 | 925972 | 1036675 | 1033683 | 2992 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10568741 | 10568741 | 10568741 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2615600 | 146 |
| വിധവാ പെൻഷൻ | 27828400 | 1830 |
| വാർദ്ധക്യകാല പെൻഷൻ | 53399200 | 3412 |
| വികലാംഗ പെൻഷൻ | 8989500 | 211 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 801100 | 48 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.03.2023 ന് 10.50 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18965/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെട്ട രീതിയിൽ തന്നെയാണ്. എങ്കിലും ചില പോരായ്മകൾ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു.

1) .സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. (ഖണ്ഡിക- 1-19 കാണുക)

2). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3). പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

4). അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ബാങ്ക് അക്കൗണ്ടിൽ കണക്കിൽപ്പെടാത്ത പണം അവശേഷിക്കുന്നു.

5). പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

6). ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻവർഷങ്ങളിൽ നൽകിയ തുകയിൽ 25000/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2022 | 01.07/2022 മുതൽ 31/10/2022 വരെ | 16.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2010 മുതൽ 12.08.2010 വരെ | 2004-05 To 2009-10 | 24.09.2010 |

## 1-11 വാർഷിക കണക്ക് പരിശോധന-അപാകതകൾ

2021-22വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 01.04.2021 മുതൽ 15-2-21 വരെയുള്ള കാഷ്ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും 2021-22 ൽ നൽകിയ മുൻകൂറുകൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, പല മുൻകൂറുകൾ നൽകിയത് വാർഷിക കണക്കിൽ അഡ്വാൻസ് ഇനത്തിൽ (RP-47)ബുക്ക് ചെയ്യിട്ടില്ലാത്തതിനാലും തൻവർഷം ആകെ നൽകിയതും ക്രമീകരിച്ചതുമായ മുൻകൂറുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) മഴക്കാല പൂർവ്വ ശുചീകരണത്തിന് വൗച്ചർ നം.22100125/12.05.21 പ്രകാരം 2,30,000രൂപ ശുചിത്വമിഷൻ ഫണ്ട് മെഡിക്കൽ ഓഫീസർക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. ഇത് Advance To Implementing Officers എന്ന ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിനു പകരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ തന്നെ അതാത് ചെലവ് ശീർഷകത്തിൽ (Sanitation) രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

4) KSEB ക്ക് പോസ്റ്റ് മാറ്റിവെക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്ത 343004രൂപ RP-47 പ്രകാരം അഡ്വാൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതേ ഇനത്തിനായി വൗച്ചർ നം. 22100587/10.11.21 ( 6633/-), 22100659/13.12.21 (6645/-), 22100852/14.02.22 (6346/-) പ്രകാരം KSEBക്ക് നൽകിയ മുൻകൂറുകൾ RP-47ൽ ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല, മേൽ കാണിച്ച വൗച്ചർ പ്രകാരമുള്ള തുകകൾ ഒരേ ഇനത്തിലുള്ളതാണെങ്കിലും വിവിധ ഹെഡുകളിലാണ് ചെലവ് കാണിച്ചിട്ടുള്ളത്. (RP-22100299 Other Items എന്ന ഹെഡിൽ -6633/-, RP-230800106 Expenses For Shifting Electric Post എന്ന ഹെഡിൽ-6346/-)

5) ജലനിധി ഫണ്ട് B-4ഷെഡ്യൂളിൽ 1469565രൂപയാണ് ബാധ്യതയായി ചേർത്തിട്ടുള്ളത്. എന്നാൽ ജലനിധിയുടെ KGB അക്കൗണ്ടിൽ (RP-40b) 31.03.22ലെ നീക്കിയിരിപ്പ് 1506021 രൂപയാണ്. വ്യത്യാസം 36456/-രൂപ.

6) ട്രഷറി ജെയിന്റ് വെഞ്ചർ അക്കൗണ്ടിൽ (RP-40b) Annuai Returned By STO Due To Wrong Account Number എന്ന് കാണിച്ച് 110900/-രൂപ നീക്കിയിരിപ്പുണ്ട്. ഇത് ഏതിനത്തിൽ/പദ്ധതിയുടെ തുക തിരികെ വന്നതാണെന്നുള്ള രേഖകൾ ലഭ്യമാക്കാത്തതിനാൽ ആയത് പരിശോധിക്കാനായിട്ടില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ബാലൻസ്ഷീറ്റിലെ ഷെഡ്യൂൾ B-7 ൽ രേഖപ്പെടുത്തിയ തുകകളുമായി ഒത്തു നോക്കാൻ കഴിഞ്ഞിട്ടില്ല.

8) A. വാർഷിക ധനകാര്യ പത്രിക B-12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപം ഇനത്തിൽ 7682803 രൂപയുണ്ട്. ലഭ്യമാക്കിയ സർട്ടിഫിക്കറ്റുകളുമായി ഇത് പൊരുത്തപ്പെടുന്നില്ല. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ 2021-22 ൽ ആകെ നിക്ഷേപിച്ച തുക പലിശ ഉൾപ്പെടെ (പലിശ- 548910) 7805822രൂപയാണെന്ന് കാണുന്നു. 123019രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

B. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ 2021-22 ൽ സ്ഥിരനിക്ഷേപങ്ങൾക്ക് ലഭിച്ച പലിശ 548910രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ (I-7) 348391രൂപയാണ് ബുക്ക് ചെയ്യിട്ടുള്ളത്. 200519രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്. സ്ഥിര നിക്ഷേപ രജിസ്റ്ററും ഹാജരാക്കിയില്ലാത്തതിനാൽ വ്യത്യാസം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

10) MGNREGS ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

11) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 21/21-22/06.03.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 രസീത് ബുക്ക് ഉപയോഗത്തിലെ അപാകതകൾ

പഞ്ചായത്തിലെ കൃഷി ഓഫീസർ കൈപ്പറ്റിയ രസീത് ബുക്കുകൾ പരിശോധിച്ചപ്പോൾ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ചുവടെപ്പറയുന്ന രസീതികളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

| രസീത് ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|
| 15591 | 9,10,11,12,13,14,15,16,17,18,19,20,22,24,25,26 |

2. രസീത് ബുക്ക് നമ്പർ 15591 പ്രകാരം ചുവടെപ്പറയുന്ന തീയതികളിൽ തുക പിരിച്ചെടുത്തിട്ടുണ്ട്

| തീയതി | രസീത് നമ്പർ | ആകെ പിരിച്ചെടുത്ത തുക |
|---|---|---|

| | | |
|---|---|---|
| 14.2.2023 | 1 To 9 | 12740 |
| 15.2.2023 | 10 To 19 | 18900 |
| 16.2.2023 | 20 To 27 | 13900 |
| 17.2.2023 | 28 To 30 | 3230 |
| 20.2.2023 | 31 To 40 | 16625 |
| 21.2.2023 | 41 | 600 |
| 24.2.2023 | 42 | 300 |
| 25.2.2023 | 43 | 1400 |
| 28.2.2023 | 44 | 700 |
| 1.3.2023 | 45 | 7500 |
| 2.3.2023 | 46 | 750 |
| ആകെ | | 76645 |

കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011- ചട്ടം 16 പ്രകാരം പിരിച്ചെടുത്ത തുക തൊട്ടടുത്ത പ്രവർത്തി ദിവസം പഞ്ചായത്തിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ ചുവടെ കാണിച്ച പ്രകാരമാണ് പഞ്ചായത്തിൽ തുക അടവാക്കിയിട്ടുള്ളത്.

| തീയതി | അടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|
| 14.2.2023 | 11250 | 1220109693/G101203 |
| 1.3.2023 | 53200 | 1220110949/G101203 |
| ആകെ | 64450 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-25/7.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പിരിച്ചെടുത്ത മുഴുവൻ തുകയും അടവാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-13 സർക്കാർ അനുമതിയില്ലാത്ത പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി മുഖേനെ നടത്തി

| | |
|---|---|
| പ്രൊജക്ട് | 113/2022, ആർദ്രം-കുടുംബാരോഗ്യ കേന്ദ്രത്തിൽ കുട്ടികളുടെ പാർക്ക്, ഓപ്പൺ ജിം |
| ഫണ്ട്/അടങ്കൽ | തനത് ഫണ്ട്/ 650000 |
| ചെലവ് | Rs. 650000/- |
| വൗച്ചർ നമ്പർ / തിയ്യതി (തുക) | 1. 22100756/25.1.2022 (200000/-)<br>2. 22101115/7.3.2022 (200000/-)<br>3. 22101182/ 25.3.2022 (250000/-) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |

മേൽ പ്രവൃത്തി 3.12.2021 ലെ ഭരണസമിതി യോഗം തീരുമാനിച്ചതനുസരിച്ച് ( തീരുമാനം നം. 1(1) ) അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം മലപ്പുറം മുഖേനയാണ് നടപ്പാക്കിയത്. വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുത്ത് സർക്കാർ പുറപ്പെടുവിച്ച GO(P) 95/2017/Fin Dt 25.07.2017 നം ഉത്തരവ് പ്രകാരം Non PMC എന്ന നിലയിൽ വില കുറഞ്ഞ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ കൂടാതെ നടപ്പാക്കുന്നതിനാണ് മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചത്. മറ്റ് പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ഈ സ്ഥാപനത്തിന് നടപ്പാക്കാൻ അനുമതിയില്ല. ഇത് ഒരു വില കുറഞ്ഞ നിർമ്മാണ പ്രവൃത്തി അല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-8/3.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഈ പ്രവൃത്തി ഏല്പിക്കാൻ അനുമതിയില്ലാത്ത സ്ഥാപനത്തിന് പ്രവൃത്തി ഏല്പിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ഏതൊരാളും തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥനാണ്. 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ജനത ഹോസ്പിറ്റൽ | ഒന്ന്,രണ്ട് അർദ്ധവർഷം |
| 2 | ശിഹാബ് തങ്ങൾ മെമ്മോറിയൽ സ്കൂൾ | ഒന്ന്,രണ്ട് അർദ്ധവർഷം |
| 3 | ക്രസന്റ് സ്കൂൾ | ഒന്ന്,രണ്ട് അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാത്തത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-1/1.3.2023) സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി അടവാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-15 അസി. എഞ്ചിനീയർ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ./ത.സ്വ.ഭ.വ/19.1.2017 നമ്പരിലുള്ള സർക്കുലറിലും കാഷ്ബുക്ക് സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നുണ്ട്.

എന്നാൽ താനാളൂർ ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി. സെക്ഷൻ, അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിൽ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-4/3.3.2023 നുള്ള മറുപടിയിൽ ഓഫീസ് പുനരുദ്ധാരണ സമയത്ത് ക്യാഷ്ബുക്ക് നഷ്ടപ്പെട്ടു എന്നും മേലിൽ ഇത്തരത്തിൽ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നുമാണ് അറിയിച്ചത്. നിലവിലും ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാതിരിക്കുന്നതിനാൽ അസി.എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാതിരിക്കുന്നത് കൃത്യ നിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കുന്നു.
നിർദ്ദിഷ്ട രീതിയിൽ ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 കണക്കിൽ പെടാത്ത പണം ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ തിരൂർ എസ്.ബി.ഐ. ലുള്ള 34294680622 നമ്പരിലുള്ള ബാങ്ക് അക്കൗണ്ടിൽ 14.2.2023 ന് ₹ 5,56,439 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഇതിൽ 4,95,906 രൂപയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 31.3.2022 ന് മുമ്പ് വിവിധ തിയ്യതികളിലായി ട്രാൻസ്ഫർ ചെയ്ത പണമാണ് .

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അസി.എഞ്ചിനീയറുടെ പേരിലുള്ള മേൽ അക്കൗണ്ടിലെ വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ എവിടെയും അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. കാഷ്ബുക്ക് സൂക്ഷിക്കാത്തതിനാലും പണമിടപാടുകൾ ആധികാരികമായി രേഖപ്പെടുത്തുന്ന മറ്റ് രേഖകളില്ലാത്തതിനാലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ആർക്ക് നൽകാനുള്ളതാണെന്നും ഏത് ഇനത്തിലുള്ളതാണെന്നും ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ സൂക്ഷിക്കുന്നതും കൈമാറിയ പണം യഥാസമയം വിതരണം ചെയ്യാത്തതും പണമിടപാടുകളിൽ സുതാര്യത ഇല്ലാതാക്കുന്നതിനും മറ്റ് ക്രമക്കേടുകൾക്കും കാരണമാകുമെന്നതിനാൽ ഇക്കാര്യം ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു.

ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ ആധികാരികത പരിശോധിച്ച് നീക്കിയിരിപ്പിന്റെ വിശദ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -5/3. 3.2023 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ തുകയിൽ 463352 രൂപ 28.3.22 ന് അക്കൗണ്ടിൽ ക്രഡിറ്റ് ആയ പ്രോജക്ട് നമ്പർ-202/22, 163/22, 215/22 എന്നീ പ്രോജക്ടുകൾക്കുള്ള തനത് ഫണ്ട് വിഹിതമായ യഥാക്രമം 33832 രൂപ, 416406 രൂപ, 13114 രൂപ എന്നീ തുകകളാണെന്നും ആയത് എത്രയും പെട്ടെന്ന് കരാറുകാരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബാക്കി 32554 (495906- 463352) രൂപയുടെ ബാലൻസ് വിശദമായി പരിശോധിച്ച് അതാത് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

അക്കൗണ്ടിലെ പണമിടപാടുകൾ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും ഉടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി

ഓഡിറ്റ് എൻക്വയറി നമ്പർ- 3/3.3.2023

ചുവടെ ചേർത്തിട്ടുള്ള ഡ്രൈനേജ് പ്രവൃത്തികളിൽ DSR-2016-ലെ 11.4.1.1 പ്രകാരം ഫോം വർക്കുള്ള (സെൻററിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിംഗിന്റെ നിരക്കിലാണ് (6974.53/$m^2$ – Cost Index @ 31.06%) എസ്റ്റിമേറ്റ് തയ്യാറാക്കുകയും, മൂല്യ നിർണ്ണയം നടത്തി കരാറുകാർക്ക് തുക നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ ഡ്രൈനേജിന്റെ മുഴുവൻ വീതിയിലും കോൺക്രീറ്റ് പ്രവൃത്തി ചെയ്തതിനാൽ ഫോം വർക്ക് ചെയ്യേണ്ടതായി വന്നിട്ടില്ല. ഫോം വർക്ക് ഇല്ലാത്ത ഇനത്തിൻ ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് (6706.25/$m^2$ – Cost Index @ 31.06%) നൽകേണ്ടത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | പ്രൊജക്ട് | പാറേക്കുളം ആര്യൻകലായി ഡ്രൈനേജ് നിർമ്മാണം (243/22) | |
| | അടങ്കൽ/ ചെലവ് | 1373884/13,66,359 | |
| | ടി.എസ്.നം. | 47063/21-22 | |
| | കരാർ | 27/21-22/3.12.2021 | |
| | കരാർ തുക | 1226682+GST 12% | |
| | എം ബുക്ക് | 294/20-21 | |
| | വൗച്ചർ | 22101281/30.3.2022 | |
| | കരാറുകാരൻ | ശ്രീ. കെ.മുസ്തഫ | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 148960/-(26.60*5600) (19.70 % Below) | 143244 (26.60*5385.11) (19.70% Below) | 5716+ 12% GST= 6402 |

| | | | |
|---|---|---|---|
| 2 | പ്രൊജക്ട് | വടക്കേപ്പാട്ട് ഇടവഴി ഇരട്ടക്കുളം റോഡ് ഡ്രൈനേജ് (73/22) | |
| | അടങ്കൽ/ ചെലവ് | 347348/336480 | |
| | ടി എസ് , ടി.എസ്.നം. | 350000, 29436/21-22 | |
| | കരാർ | 11/21-22/13.10.2021 | |
| | കരാർ തുക | 310132+GST 12% | |
| | എം ബുക്ക് | 390/20-21 | |
| | വൗച്ചർ | 22101274/25.3.2022 | |
| | കരാറുകാരൻ | ശ്രീ. അഭിമന്യൂ. എൻ. | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 39685/-(5.69*6974.53) | 38159 (5.69*6706.25) | 1526+ 12% GST= 1709 |
| | ആകെ | | 8111 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 3/3.3.2023 നുള്ള മറുപടിയിൽ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ലൂസ് മണ്ണാണെന്നും ഡ്രൈനേജിന് വേണ്ടി കുഴി എടുക്കുമ്പോൾ സൈഡ് ഇടിഞ്ഞ് കുഴിയുടെ വീതി അധികമാവാറുണ്ടെന്നും ആയതിനാൽ ഷട്ടറിംഗ് ആവശ്യമായി വരുന്നതാണെന്നും അറിയിച്ചു.

70 സെ.മീ. ഉയരം മാത്രമാണ് ഡ്രൈനേജിനുള്ളത് എന്നതിനാലും മണ്ണ് കിളച്ച് മാറ്റിയ മുഴുവൻ വിസ്തൃതിയിലും ബഡ് കോൺക്രീറ്റ് ചെയ്യുന്നുണ്ട് എന്നതിനാലും മറുപടി അംഗീകരിക്കുന്നില്ല. 8111 രൂപ തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നു. (ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയത് കാണുക).

## 1-18 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ

നടപടി സ്വീകരിച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില(ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി.ഒ.(എം.എസ്).3186/2017/LSGD/2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന് അസി. എഞ്ചിനീയറുടെ പേരിൽ തിരൂർ എസ്.ബി.ഐ.യിൽ അക്കൗണ്ട് നിലവിലുണ്ടെങ്കിലും നാളിതു വരെ പ്രസ്തുത അക്കൗണ്ട് ഇ- ടെണ്ടറിന്റെ സൈറ്റുമായി മാപ്പിംഗ് നടത്തിയിട്ടില്ല. അത് കൊണ്ട് തന്നെ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഇപ്പോഴും ക്രഡിറ്റ്ചെയ്യപ്പെടുന്നത്.

പഞ്ചായത്തിന് ലഭിക്കേണ്ടതായ തുക യഥാസമയം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാൻ നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 6/3.3.2023 നുള്ള മറുപടിയിൽ നിലവിലുള്ള അക്കൗണ്ട് ഇ-ടെണ്ടർ പോർട്ടലുമായി ബന്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് അറിയിച്ചു.
തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

കേരള ഫിനാൻഷ്യൽ കോഡ്- ആർട്ടിക്കിൾ-147, 149(1), 150, 152, 153, 158, 161 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റോറുകൾ കൈപറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിക്കേണ്ടതും സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. 1) അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, 2) ഓഫീസ് ഫർണീച്ചറുകൾക്ക് , 3) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവക്കും 4) കംപ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻസ് കോഡ് വാല്യം II നിർദ്ദേശിക്കുന്ന മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുണ്ട്. സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ സ്റ്റോക്ക് അക്കൗണ്ടിൽ വിവരം രേഖപ്പെടുത്തേണ്ടതും (ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെ) വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റോറുകൾ കൈപറ്റുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്ന് വ്യക്തമാകുന്നു. ഓഡിറ്റ് എൻക്വയറി നം. 12/21-22/06.03.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മേൽ പ്രകാരം സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് KSEBയിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരണ പത്രം , ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. പേര് | ചെലവ് തുക | ബിൽ / ചെക്ക് | |
|---|---|---|---|---|
| 1 | 239/22, ആലിൻചുവട്-ത്രീസ്റ്റാർ റോഡി നിർമ്മാണം ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 87497 (തനത്ഫണ്ട്) | 22100417/09.09.21 | KSEB താനൂർ സെക്ഷൻ |
| 2 | 266/22, ശ്രീകൃഷ്ണ ക്ഷേത്രം പരിസരത്തെ ഇലക്ടിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 171653 (തനത്ഫണ്ട്) | 22100686/29.12.21 | KSEB താനൂർ സെക്ഷൻ |
| 3 | 268/22, കോലപുറം- പാകിനിപ്പടി റോഡിൽ | 83854 | 22100685/29.12.21 | KSEB താനാളൂർ |

| | | | | |
|---|---|---|---|---|
| | പോസ്റ്റ് മാറ്റിവെക്കൽ | (തനത് ഫണ്ട്) | | സെക്ഷൻ |
| 4 | പുതുകുളങ്ങര പട്ടേർ പടി- പോസ്റ്റ് മാറ്റിവെക്കൽ | 6633 (തനത് ഫണ്ട്) | 22100587/10.11.21 | KSEB താനൂർ സെക്ഷൻ |
| 5 | കളരിക്കൽപടി- പറമ്പിൽ പോസ്റ്റ് മാറ്റിവെക്കൽ | 6645 (തനത് ഫണ്ട്) | 22100659/13.12.21 | KSEB പൊൻമുണ്ടം സെക്ഷൻ |
| 6 | അമ്പലപ്പടി- ഇസ്ലാഹി റോഡിൽപോസ്റ്റ് മാറ്റിവെക്കൽ | 6346 (തനത് ഫണ്ട്) | 22100852/14.02.22 | KSEB താനാളൂർ സെക്ഷൻ |
| | ആകെ | 362628 | | |

ധനവിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കുന്നതിന് KSEBക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം.11/21-22/06.03.23ന് മറുപടി ലഭ്യമാക്കി. പദ്ധതികളുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നത് വരെ ചെലവ് തുക362628രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 റൂർബൻ മിഷൻ പദ്ധതി- KWAയിൽ 3.5കോടി നിക്ഷേപിച്ചു- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

ശ്യാമപ്രസാദ് മുഖർജി റൂർബൻ മിഷൻ പദ്ധതിയുടെ താനാളൂർ-നിറമരുതൂർ ക്ലസ്റ്ററിൽ ഉൾപ്പെട്ട താനാളൂർ പഞ്ചായത്തിലെ തച്ചമ്പറമ്പ് കോളനിയിൽ 14ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള 24x7 Piped Water Supply ഇനത്തിലുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയിൽ വൗച്ചർ നം. 22000097/26.05.2020 പ്രകാരം റൂർബൻ മിഷൻ ഫണ്ട് 3.5കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത പ്രവൃത്തിയുടെ പൈലിംഗ് വർക്കുകൾ ആരംഭിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം. 14/21-22/06.03.23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം- ചെലവഴിക്കാത്ത തുക തിരികെ ലഭ്യമായില്ല

| പ്രോജക്ട് നം. പേര് | ചെലവ് തുക | വൗച്ചർ നമ്പർ |
|---|---|---|
| 236/22, ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ | 2,40,000 (തനത്ഫണ്ട്) | 22100860/15.02.22 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത 30ഡയാലിസിസ് രോഗികൾക്ക് മാസത്തിൽ 2000/-രൂപ വീതം 4മാസത്തേക്ക് (2021 ഡിസംബർ മുതൽ 2022മാർച്ച് വരെ) ഡയാലിസിസ് നടത്തുന്ന സ്ഥാപനങ്ങളിലേക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന് 2,40,000 രൂപ വിഹിതം നൽകിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ജി-3-4014/2021/14.06.22 നമ്പർ കത്ത് പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്ത് നൽകിയ തുകയിൽ നിന്നും 182000രൂപ വിനിയോഗിച്ചതായും വിനിയോഗിക്കാത്ത58000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് പദ്ധതി ഹെഡിൽ അടവാക്കിയതായും അറിയിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 58000രൂപ

പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ബാക്കി തുക ലഭ്യമാക്കുന്നതിന് 27.06.22ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയതായി കാണുന്നു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമായത് ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 13/21-22/06.03.23 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-23 പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കാതെ വെള്ളക്കരം അടവാക്കുന്നു

തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ 8 തെരുവ് ടാപ്പുകൾക്ക് കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം ഓരോ മാസവും 3500/-രൂപ വീതം ആകെ 42000രൂപ അടവാക്കിയിട്ടുണ്ട്. ജി.ഒ( ആർ.ടി) 2242/2011/ത.സ്വ.ഭ.വ/28.09.2011 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം അടവാക്കേണ്ടത്. എന്നാൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് ടാപ്പുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 14.02.23 ലെ എസ്-1-2556/2023 നമ്പർ കത്ത് പ്രകാരം പൊതുടാപ്പുകൾ പലതും പ്രവർത്തനരഹിതമാണെന്നും ആയവ ഒഴിവാക്കുന്നതിന് സംയുക്ത പരിശോധന നടത്തേണ്ടതാണെന്നും ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 22/21-22/06.03.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കേണ്ടതും ഉപയോഗശൂന്യമായി കണ്ടെത്തുന്ന ടാപ്പുകളുടെ കരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 EMS സ്റ്റേഡിയം കെട്ടിടം വൈദ്യുതീകരണം- ടെണ്ടർ വേരിയേഷൻ കുറവ് ചെയ്തതിൽ അപാകത – 7712രൂപ അധികം ചെലവഴിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി
പ്രോജക്ടിന്റെ പേര്- EMS സ്റ്റേഡിയം കെട്ടിടം വൈദ്യുതീകരണം

പ്രോജക്ട് നമ്പർ- 249/22

സാങ്കേതികാനുമതി- 137000

കരാറുകാരൻ- ശ്രീ. കൃഷ്ണദാസ്. എം.

ക്വാട്ട് ചെയ്ത നിരക്ക് - 20.1 % Below

അളവ് പുസ്തകം- 117/21-22

ചെലവ് തുക- 116806രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ- 21/23.03.2022

മലപ്പുറം ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതിയിൽ നിന്ന് ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി നൽകിയും ആയതിന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം സാങ്കേതിക അനുമതി നൽകിയതും ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചതുമായ പദ്ധതിയാണിത്. പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. കൃഷ്ണദാസ് എം, ഒഴൂർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്തത് 20.1% കുറവ് ആയിരുന്നു. പ്രസ്തുത ടെണ്ടർ 19.11.21ലെ ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ടിയാന് ബിൽ തുക നൽകിയപ്പോൾ 14.20% മാത്രമാണ് ടെണ്ടർ വേരിയേഷനായി ബില്ലിൽ നിന്നും കുറവ് ചെയ്തത്. ഇക്കാരണത്താൽ കരാറുകാരന് അധിക തുക നൽകാൻ കാരണമാകുകയും പ്രവൃത്തിക്ക് അധികച്ചെലവ് വരികയും ചെയ്തു.

അധികച്ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| അർഹമായ ചെലവ് തുക | അനുവദിച്ച തുക | അധികം |
|---|---|---|
| ആകെ പ്രവൃത്തിയുടെ മൂല്യം<br>116699.72<br>(-) 20.1 % 23456.64 | ആകെ പ്രവൃത്തിയുടെ മൂല്യം<br>116699.72<br>(-) 14.20% 16571.36 | 7712<br>(109094-116806) |

| | | |
|---|---|---|
| = 93243.08<br>(+ ) 12% GST 11189.16<br>= 104432.25<br>(+) Centage Chrge To DLTC 4662<br>ആകെ ചെലവ് = 109094രൂപ<br>Deductions<br>IT 1% - 932<br>KCWF 1% - 932<br>സെന്റേജ് ചാർജ് = 4662<br>കരാറുകാരന് നൽകേണ്ടത് = 102568 | = 100128.36<br>(+ ) 12% GST 12015.40<br>= 112143.76<br>(+) Centage Chrge To DLTC 4662<br>ആകെ ചെലവ് = 116806രൂപ<br>Deductions<br>IT 1% - 1001<br>KCWF 1% - 1001<br>സെന്റേജ് ചാർജ് = 4662<br>കരാറുകാരന് നൽകിയത് = 110142 | |

അധികം ചെലവഴിച്ച 7712രൂപ ബിൽ തുക നൽകിയ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു. അധികച്ചെലവ് വന്ന 7712രൂപ തിരിച്ചടവാക്കാതിരിക്കാൻ വിശദീകരണമുണ്ടെങ്കിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/21-22/04.03.23 ന് അധികം നൽകിയ തുക തിരിച്ചടക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
(ഖണ്ഡിക 3-2 ആയി ഭാഗം -3 ൽ ഉൾപ്പെടുത്തിയത് കാണുക).

## 1-25 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രൊജക്ടുകളിൽ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

1.

| | |
|---|---|
| | 182/2022, കോവിഡ് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| ഫണ്ട്/അടങ്കൽ | തനത് ഫണ്ട്/ 500000 |
| ചെലവ് | Rs. 293841/- |
| വൗച്ചർ നമ്പർ / തിയ്യതി | 22101147/14.3.2022 |

മേൽ പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 8960/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 2368/- രൂപയുടെ മരുന്നുകൾ ആണ് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| PRF 6030/22.2.2022 | 8960/- | Inv 16099/5.11.2022 | 2368 |

അവശേഷിക്കുന്ന 6592/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 9/3.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

2.

| | |
|---|---|
| പ്രൊജക്ട് | 12/2022, പരിരക്ഷ പദ്ധതി |
| ഫണ്ട്/അടങ്കൽ | പൊതുവിഭാഗം സാധാരണ വിഹിതം / 200000<br>തനത് ഫണ്ട്/ 500000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം /150000<br>മെയിന്റനൻസ് ഫണ്ട്-റോഡിതരം / 300000 |

| | |
|---|---|
| ചെലവ് | Rs. 1147987/- |
| വൗച്ചർ നമ്പർ / തിയ്യതി | 22100856/15.2.2022 |

മേൽ പ്രൊജക്ടിലുൾപ്പെടുത്തി മരുന്ന്, അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മേൽ വൗച്ചർ പ്രകാരം 32597/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ 29675/- രൂപയുടെ മരുന്നുകൾ ആണ് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| PRF 4779/12.1.2022 | 32597 | Inv 11444/19.9.2022 | 10798 |
| | | Inv 12142/26.9.2022 | 12711 |
| | | Inv 12573/30.9.2022 | 6166 |

അവശേഷിക്കുന്ന 2922/- രൂപയുടെ മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 20/6.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാവുന്ന മുറയ്ക്ക് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-26 തരിശ് നെൽകൃഷി : അപാകതകൾ

നിർവ്വഹണം : കൃഷി ഓഫീസർ

പ്രൊജക്ടിന്റെപേര് : തരിശ് നെൽകൃഷി

പ്രൊജക്ട് നം 229/2021-22( സ്പിൽ ഓവർ)

അടങ്കൽ : 640000/-

ചെലവ് : 420000/-

ബിൽ നം .164/27.10.21 തുക-200000/-

ചെക്ക് നം .1588616/27.3.22 തുക-220000/-

മേൽ പ്രൊജക്ട് പ്രകാരം, തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി 7 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ നൽകിയ 379680 രൂപയും വിത്തിന്റെ തുകയായ 40320 രൂപയുൾപ്പെടെ ആകെ 420000/- ചെലവഴിച്ചതിന്റെ വിശദാംശങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

| ഗുണഭോക്താവ് | കൃഷിചെയ്തത് (ഹെക്ടറിൽ) | നൽകിയ തുക |
|---|---|---|
| ബദറുദ്ദീൻ | 2 | 70000 |
| അബ്ദുള്ള | 2 | 70000 |
| മുഹമ്മദ് യാസിം | 2 | 70000 |
| അബ്ദുറഹിമാൻ | 2 | 70000 |
| ഇസ്മയിൽ | 1.28 | 44800 |
| ഉസ്മാൻ | 0.72 | 25200 |
| പ്രവീൺ പി. | 2 | 70000 |

പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) സുഭിക്ഷ കേരളം -സബ്സിഡി മാർഗരേഖ (സർക്കാർ ഉത്തരവ്(സാധാ) നം 1009ത.സ്വ.ഭ.വ. തീയതി 29.5.20) പ്രകാരം ഗുണഭോക്താക്കൾ നെൽ കൃഷി ചെയ്ത സ്ഥലം 3 വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യാത്ത ഭൂമി/ പുരയിടമാവണമെന്നും ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്നും ആനുകൂല്യം നൽകുന്നത് ആദ്യ കൃഷിക്കായിരിക്കണമെന്നും വ്യക്തമാക്കിക്കൊണ്ട് നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള യാതൊരു സാക്ഷ്യപ്പെടുത്തലുമില്ലാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

2) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിററ് എൻക്വയറി (നം.23/7.3.23) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വിവരം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-27 ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകൽ - ആദായ

## നികുതി ഈടാക്കിയില്ല

നിർവ്വഹണം : വി.ഇ.ഒ

പ്രൊജക്ടിന്റെ പേര്: ഹരിത കർമസേന പ്രവർത്തനങ്ങൾ- ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീ നൽകൽ - 127/22 (സ്പിൽ ഓവർ)

അടങ്കൽ : 450000 (തനത് ഫണ്ട്)

ചെലവ് :437279/-

മേൽ പ്രൊജക്ട് പ്രകാരം, ഹരിത സഹായ സ്ഥാപനമായ IRTC മുണ്ടൂരിന് കൺസൾട്ടൻസി ഫീ ആയി താഴെ പറയും പ്രകാരം 254540രൂപ നൽകിയിട്ടുണ്ട് .

| ചെക്ക് നം/ തീയതി | തുക |
|---|---|
| 46070512/18.10.21 | 127270 |
| 46070512/26.11.21 | 101816 |
| 46070524/22.1.23 | 25454 |
| ആകെ | 254540 |

കരാറുടമ്പടി പ്രകാരം25454രൂപ നിരക്കിൽ 10 മാസത്തേയ്ക്കുള്ള തുകയാണ് കൺസൾട്ടൻസി ഫീ ആയി അനുവദിച്ചിട്ടുള്ളത്. ആദായ നികുതി നിയമം, സെക്ഷൻ 194 ( ജെ) പ്രകാരം കൺസൾട്ടൻസി ഫീസിൻമേൽ 2 ശതമാനം ആദായ നികുതി കുറവ് വരുത്തേണ്ടതുണ്ട്. ഇപ്രകാരം IRTC യ്ക്ക് അനുവദിച്ച 254540/-ന്മേൽ ആദായ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിററ് എൻക്വയറി (നം.18/6.3.2023) ക്ക് 1961ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 12Aa/12AA(1) പ്രകാരം 12AA രജസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വരുമാനത്തിന് ഇൻകം ടാക്സ് നൽകേണ്ടതില്ല എന്നതിനാലാണ് ഇൻകം ടാക്സ് ഈടാക്കാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി.എന്നാൽ സെക്ഷൻ 12AA പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിയ്ക്കുന്ന ചാരിറ്റബിൾ സ്ഥാപനങ്ങളുടെ വരുമാനം സംബന്ധിച്ചാണ് വ്യക്തമാക്കിയിട്ടുള്ളത്. IRTC ഈ വിഭാഗത്തിൽ പ്പെടുന്നില്ല.ആയതിനാൽ മറുപടി സ്വീകാര്യമല്ല. ആദായ നികുതി കുറവ് വരുത്തി അറിയിയ്ക്കേണ്ടതാണ്.

## 1-28 പൂരക പോഷകാഹാര വിതരണം - അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 40 അംഗനവാടികളിൽ വിതരണം ചെയ്യുന്നതിനായി ശ്രേയസ്സ് ന്യൂട്രിമിക്സ് കുടുംബശ്രീ യൂണിറ്റ് എരമംഗലത്തുനിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട് . വിശദ വിവരം താഴെ നൽകുന്നു.

പ്രോജക്ട് നം : അംഗനവാടി പൂരക പോഷകാഹാര പദ്ധതി 7/2021-22

മൊത്തം അടങ്കൽ- :9593320/

ചെലവ് :9593320/

| ക്രമ നം | ചെലവഴിച്ച തുക | വൗച്ചർനം/ ബിൽ നം തീയതി | ശ്രേയസ്സ് കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്എരമംഗലത്തിന് നൽകിയ തുക (ജി.എസ്.ടി ഒഴികെ) | |
|---|---|---|---|---|
| | | | തൂക്കം Kg. | വില |
| 1 | 677431 | 2/11.6.21 | 2712 | 199332 |
| | | | 2125.5 | 156224 |
| | | | 2130 | 156555 |
| 2 | 1449850 | 4670523/26.8.21 | 4014 | 295029 |
| | | | 3939 | 289516 |
| 3 | 542731 | 4/30.9.21 | 4089 | 300541 |
| 4 | 120966 | 4670524/26.11.21 | 1438 | 100716 |
| 5 | 1796965 | 9/18.11.21 | 3645 | 267907 |
| | | | 2592 | 181446 |
| 6 | 796364 | 13/22.2.22 | 2300 | 169050 |
| | | | 2040 | 149940 |

| | | | | |
|---|---|---|---|---|
| 7 | 1350000 | 4670525/23.2.22 | 2030 | 142100 |
| | | | 33054.5 | 2408356 |
| TDS 2% | | | 48167 | |

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻ മേൽ ടി.ഡി. എസ്. ഈടാക്കിയില്ല.

CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 250000ത്തിനു മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിൻ മേൽ 2% ടി.ഡി.എസ്. കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർചേയ്സുകളിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല.

2) ന്യൂട്രിമിക്സ് വിതരണം ചെയ്ത പ്രിയം കടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ അമൃതം ഫുഡ് വിതരണം ചെയ്ത ശ്രേയസ്സ് കടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/6.3.23) ക്ക് നൽകിയ മറുപടിയിൽ നടപ്പ വർഷം മുതൽ Tds ഈടാക്കിയിട്ടുണ്ടെന്നും ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 മരാമത്ത് നിർവ്വഹണം- പൊതു അപാകതകളും നിർദ്ദേശങ്ങളും

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 99 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 73 പ്രൊജക്ടുകളിലായി ആകെ 2,39,16,012/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 99 | ആകെ അടങ്കൽ | ₹4,41,88,397 |
| നടപ്പിലാക്കിയത് | 73 | ചെലവ് | ₹2,39,16,012 |
| ശതമാനം | 74 | ചെലവ് ശതമാനം | 54 |

മേൽ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പൊതു അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് നിർമ്മാണ /പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടെങ്കിലും റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായി റോഡ് നിർമ്മാണ /പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടെങ്കിലും ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളുടെയും വിവരം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

4 ) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിലും പ്രവൃത്തി പൂർത്തീകരണ തിയതി രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 സർക്കാർ നിബന്ധനകൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേനെ പ്രവൃത്തി നടത്തി

| | |
|---|---|
| പ്രൊജക്ട് | 293/2022 കുടുംബാരോഗ്യ കേന്ദ്രം ഫാർമസിയിൽ റാക്ക്,സൗണ്ട് സിസ്റ്റം വാങ്ങൽ |
| ഫണ്ട്/അടങ്കൽ | മെയിന്റനൻസ് ഫണ്ട്-റോഡിതരം/ 85000 |
| ചെലവ് | Rs. 85000/- |
| വൗച്ചർ നമ്പർ / തിയ്യതി (തുക) | 21150552038801329106/15.3.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |

| | |
|---|---|
| പ്രൊജക്ട് | 294/2022 കുടുംബാരോഗ്യ കേന്ദ്രം ലാബിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് അനുബന്ധ ഉപകരണം വാങ്ങൽ |
| ഫണ്ട്/അടങ്കൽ | തനത് ഫണ്ട്/ 70000 |
| ചെലവ് | Rs. 69023/- |
| ബിൽ റഫറൻസ് നമ്പർ / തിയ്യതി | 21150552038801329115/15.3.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |

മേൽ പ്രോജക്ടുകൾ ARTCO മുഖേനെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്കോ. ആയതിനാൽത്തന്നെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ ARTCO മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. എന്നാൽ ARTCO മുഖേന നടപ്പാക്കിയ പ്രൊജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ARTCO തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി-7/3.3.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിബന്ധനകൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേനെ പ്രവൃത്തി നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഡ്രൈനേജ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി

ചുവടെ ചേർത്തിട്ടുള്ള ഡ്രൈനേജ് പ്രവൃത്തികളിൽ DSR-2016-ലെ 11.4.1.1 പ്രകാരം ഫോം വർക്കുള്ള (സെൻററിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിംഗിന്റെ നിരക്കിലാണ് (6974.53/$m^2$ – Cost Index @ 31.06%) എസ്റ്റിമേറ്റ് തയ്യാറാക്കുകയും, മൂല്യ നിർണ്ണയം നടത്തി കരാറുകാർക്ക് തുക നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ ഡ്രൈനേജിന്റെ മുഴുവൻ വീതിയിലും കോൺക്രീറ്റ് പ്രവൃത്തി ചെയ്തതിനാൽ ഫോം വർക്ക് ചെയ്യേണ്ടതായി വന്നിട്ടില്ല. ഫോം വർക്ക് ഇല്ലാത്ത ഇനത്തിൻ ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് (6706.25/$m^2$ - Cost Index @ 31.06%) നൽകേണ്ടത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രൊജക്ട് | പാറേക്കളം ആര്യൻകലായി ഡ്രൈനേജ് നിർമ്മാണം (243/22) |

| | | |
|---|---|---|
| അടങ്കൽ/ ചെലവ് | 1373884/13,66,359 | |
| ടി.എസ്.നം. | 47063/21-22 | |
| കരാർ | 27/21-22/3.12.2021 | |
| കരാർ തുക | 1226682+12% GST | |
| എം ബുക്ക് | 294/20-21 | |
| വൗച്ചർ | 22101281/30.3.2022 | |
| കരാറുകാരൻ | ശ്രീ. കെ.മുസ്തഫ | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 148960/-(26.60*5600) (19.70 % Below) | 143244 (26.60*5385.11) (19.70% Below) | 5716+ 12% GST= 6402 |

| | | | |
|---|---|---|---|
| 2 | പ്രൊജക്റ്റ് | വടക്കേപ്പാട്ട് ഇടവഴി ഇരട്ടക്കളം റോഡ് ഡ്രൈനേജ് (73/22) | |
| | അടങ്കൽ/ ചെലവ് | 347348/336480 | |
| | ടി എസ് , ടി.എസ്.നം. | 350000, 29436/21-22 | |
| | കരാർ | 11/21-22/13.10.2021 | |
| | കരാർ തുക | 310132+12% GST | |
| | എം ബുക്ക് | 390/20-21 | |
| | വൗച്ചർ | 22101274/25.3.2022 | |
| | കരാറുകാരൻ | ശ്രീ. അഭിമന്യൂ. എൻ. | |
| | അധിക ചെലവിന്റെ വിവരം | | |
| | നൽകിയ തുക | നൽകാവുന്ന തുക | അധികം |
| | 39685/-(5.69*6974.53) | 38159 (5.69*6706.25) | 1526+ 12% GST= 1709 |
| | ആകെ | | 8111 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 3/3.3.2023 നുള്ള മറുപടിയിൽ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ലൂസ് മണ്ണാണെന്നും ഡ്രൈനേജിന് വേണ്ടി കുഴി എടുക്കുമ്പോൾ സൈഡ് ഇടിഞ്ഞ് കുഴിയുടെ വീതി അധികമാവാറുണ്ടെന്നും ആയതിനാൽ ഷട്ടറിംഗ് ആവശ്യമായി വരുന്നതാണെന്നും അറിയിച്ചു.

70 സെ.മീ. ഉയരം മാത്രമാണ് ഡ്രൈനേജിനുള്ളത് എന്നതിനാലും മണ്ണ് കിളച്ച് മാറ്റിയ മുഴുവൻ വിസ്തൃതിയിലും ബഡ് കോൺക്രീറ്റ് ചെയ്യുന്നുണ്ട് എന്നതിനാലും മറുപടി അംഗീകരിക്കുന്നില്ല. 8111 രൂപ തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-2 EMSസ്റ്റേഡിയം കെട്ടിടം വൈദ്യുതീകരണം- ടെണ്ടർ വേരിയേഷൻ കുറവ് ചെയ്തതിൽ അപാകത – 7712രൂപ അധികം ചെലവഴിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്റ്റിന്റെ പേര്- EMS സ്റ്റേഡിയം കെട്ടിടം വൈദ്യുതീകരണം

പ്രോജക്റ്റ് നമ്പർ- 249/22

സാങ്കേതികാനുമതി- 137000

കരാറുകാരൻ- ശ്രീ. കൃഷ്ണദാസ്. എം.

ക്വാട്ട് ചെയ്ത നിരക്ക് - 20.1 % Below

അളവ് പുസ്തകം- 117/21-22

ചെലവ് തുക- 116806രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ- 21/23.03.2022

മലപ്പുറം ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതിയിൽ നിന്ന് ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി നൽകിയും ആയതിന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം സാങ്കേതിക അനുമതി നൽകിയതും ജില്ലാതല

ഇലക്ട്രിക്കൽ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചതുമായ പദ്ധതിയാണിത്. പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. കൃഷ്ണദാസ് എം, ഒഴൂർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്തത് 20.1% കുറവ് ആയിരുന്നു. പ്രസ്തുത ടെണ്ടർ 19.11.21ലെ ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ടിയാന് ബിൽ തുക നൽകിയപ്പോൾ 14.20% മാത്രമാണ് ടെണ്ടർ വേരിയേഷനായി ബില്ലിൽ നിന്നും കുറവ് ചെയ്തത്. ഇക്കാരണത്താൽ കരാറുകാരന് അധിക തുക നൽകാൻ കാരണമാകുകയും പ്രവൃത്തിക്ക് അധികച്ചെലവ് വരികയും ചെയ്തു.

അധികച്ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| അർഹമായ ചെലവ് തുക | അനുവദിച്ച തുക | അധികം |
|---|---|---|
| ആകെ പ്രവൃത്തിയുടെ മൂല്യം<br>116699.72<br>(-) 20.1 % 23456.64<br>= 93243.08<br>(+ ) 12% GST 11189.16<br>= 104432.25<br>(+) Centage Chrge To DLTC 4662<br>ആകെ ചെലവ് = 109094രൂപ<br>Deductions<br>IT 1% - 932<br>KCWF 1% - 932<br>സെന്റേജ് ചാർജ് = 4662<br>കരാറുകാരന് നൽകേണ്ടത് = 102568 | ആകെ പ്രവൃത്തിയുടെ മൂല്യം<br>116699.72<br>(-) 14.20% 16571.36<br>= 100128.36<br>(+ ) 12% GST 12015.40<br>= 112143.76<br>(+) Centage Chrge To DLTC 4662<br>ആകെ ചെലവ് = 116806രൂപ<br>Deductions<br>IT 1% - 1001<br>KCWF 1% - 1001<br>സെന്റേജ് ചാർജ് = 4662<br>കരാറുകാരന് നൽകിയത് = 110142 | 7712<br>(109094-116806) |

അധികം ചെലവഴിച്ച 7712രൂപ ബിൽ തുക നൽകിയ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു. അധികച്ചെലവ് വന്ന 7712രൂപ തിരിച്ചടവാക്കാതിരിക്കാൻ വിശദീകരണമുണ്ടെങ്കിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/21-22/04.03.23 ന് അധികം നൽകിയ തുക തിരിച്ചടക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | സുസ്ഥിര നെൽകൃഷി വികസനം (40/22) | 100000 | 0 |
| | 150000 | പരിരക്ഷ പദ്ധതി(12/22) | 150000 | 0 |
| | 1025000 | ലൈഫ് ഭവന പദ്ധതി (32/22) | 1025000 | 0 |
| | 500000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (6/22) | 500000 | 0 |
| | 50000 | അഗതിരഹിത കേരളം പദ്ധതി (30/22) | 50000 | 0 |
| | 500000 | അഗതിരഹിത കേരളം പദ്ധതി (190/22) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 790875 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (6/22) | 790875 | 0 |
| | 600000 | ലൈഫ് ഭവന പദ്ധതി (32/22) | 600000 | 0 |
| | 795316 | പടിക്കൽ പാടം വല്ലത്ത് തോട് റോഡ് ഡ്രൈനേജ് നിർമാണം സ്ലാബിടൽ | 795316 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 239/22, ആലിൻചുവട് ത്രീ സ്റ്റാർ റോഡ് നിർമാണം- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100417/09.09.21 | 87497 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 87497 |
| | 266/22, ശ്രീകൃഷ്ണ ക്ഷേത്രം പരിസരത്തെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 22100686/29.12.21 | 171653 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 171653 |
| | 268/22, കോലപുറം- പാക്കിനിപ്പടി റോഡിൽ പോസ്റ്റ് മാറ്റിവെക്കൽ | 22100685/29.12.21 | 83854 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 83854 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 0 | 7548706 | 1892000 | 0 | 5656706 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (AFSപ്രകാരം) | 7334412 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| തൻവർഷം പലിശ | 348391 |
| ആകെ | 7682803 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7682803 |

2020-21 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| സർവീസ് സഹകരണ ബാങ്ക്, ഒഴൂർ | 2895750 | 20140008636/22.09.21 |
| സർവീസ് സഹകരണ ബാങ്ക്, ഒഴൂർ | 1916286 | 5530/22.09.21 |
| സർവീസ് സഹകരണ ബാങ്ക്, ഒഴൂർ | 1916286 | 5531/22.09.21 |
| സർവീസ് സഹകരണ ബാങ്ക്, താനാളൂർ | 1077500 | 22210010023390/22.09.21 |
| ആകെ | 7805822 | |

ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപ ഇനത്തിലുള്ള തുക 7682803രൂപയാണ്. എന്നാൽ സ്ഥിര നിക്ഷേപ രസീതി പരിശോധിച്ചതിൽ 7805822 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 36 | 2003-04 | പൊതുപരാമർശങ്ങൾ | പൂർത്തീകരിക്കാത്ത പ്രവർത്തികൾ (75000/-) | നടപടി തുടരുന്നു |
| 1998-99 | 32 | 2003-04 | " | റീ ടെണ്ടർ നഷ്ടം (24459) | നടപടി തുടരുന്നു |
| 2000-01 | 37 | 2003-04 | " | വീട് മേൽക്കൂര നിർമാമാണം (61200) | നടപടി തുടരുന്നു |
| 2008-09 | - | 2011-12 | " | കൃഷി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(2) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | " |
| 2015-16 | 2(5) | 2016-17 | " | " | " |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | നമ്പർ, | | | |
|---|---|---|---|---|---|---|---|
| 1 | 2009-10 | 10-11 | ഗോവിന്ദൻസി.പി, വി.ഇ.ഒ | LF12216/spl.cell /sc/D1/12 08.12.15 | 1,41,010 | -- | 07.12.15ന് ട്രഷറിയിൽ ഒടുക്കി |
| 2 | 2009-10, | 3-10 | മിനിമോൾ, കൃഷി ഓഫീസർ | LF12216/spl.cell /sc/D1/12 08.12.15 | 35,000 | 35,000 | ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112406158 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107141324 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15823 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 362628 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 8111 | ശ്രീ.മഹേഷ്.ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 7712 | ശ്രീ.റാംജിലാൽ.പി, സെക്രട്ടറി |
| ആകെ | | 15823 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 362628 | ശ്രീ. റാംജിലാൽ പി, സെക്രട്ടറി |

ഡി) കേന്ദ്ര സംസ്ഥാ സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യാഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ശ്രീ.മഹേഷ്.ഒ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് | ഊട്ടിൽ ഹൗസ്, തൃക്കണ്ടയൂർ പി.ഒ, മലപ്പുറം ജില്ല. പിൻ-674104 |
| ശ്രീ. റാംജിലാൽ പി, സെക്രട്ടറി | വിരമിച്ചു | പാറയക്കൽ, ആറാംകല്ല്, കരകുളം പി.ഒ, തിരുവനന്തപുരം ജില്ല. പിൻ-695564 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ.എം.പി.എം 22/1701/2019 തി: 19-10-2019 | 3 |
| 1996-97 | കെ.എസ്.എ.എം.പി.എം 22/1701/2019 തി: 19-10-2019 | 4 |
| 1997-98 | എൽ. എഫ്. എം.15/1300/01 തിയ്യതി 07-10-2010 | 4 |
| 1998-99 | എൽ. എഫ്. എം.15/227/02 തിയ്യതി 07-10-2010 | 20 |
| 1999-00 | എൽ. എഫ്. എം.15/617/02 തിയ്യതി 07-10-2010 | 11 |
| 2000-01 | എൽ. എഫ്. എം.11/967/10 തിയ്യതി 07-10-2010 | 6 |
| 2001-02 (ചെലവ്) | എൽ. എഫ്. എം.11/247/06 തിയ്യതി 07-10-2010 | 12 |
| 2002-03 | എൽ. എഫ്. എം.11/2189/09 തിയ്യതി 07-10-2010 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം 22/2236/2021 (1) തി: 27-09-2022 | 2 |
| 2004-05 | കെ.എസ്.എ.എം.പി.എം 22/2236/2021 (2) തി: 27-09-2022 | 2 |
| 2005-06 | കെ.എസ്.എ.എം.പി.എം 22/2236/2021 (3) തി: 27-09-2022 | 5 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ.എം.പി.എം 22/2236/2021 (4) തി: 27-09-2022 | 3 |
| 2007-08 | കെ.എസ്.എ.എം.പി.എം 22/2236/2021 (5) തി: 27-09-2022 | 1 |
| 2008-09 | കെ.എസ്.എ.എം.പി.എം 22/2236/2021 (6) തി: 27-09-2022 | 5 |
| 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം 22/2236/2021 (7) തി: 27-09-2022 | 4 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം 22/274/2022 (1) തി: 1-12-2022 | 5 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം 22/274/2022 (2) തി: 8-08-2022 | 10 |
| 2015-16 | കെ.എസ്.എ.എം.പി.എം 22/277/2020 തി: 12-02-2021 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം 22/2017/17 തി: 20-09-2017 | 26 |
| 2017-18 | കെ.എസ്.എ.എം.പി.എം 22/772/19 തി: 03-05-2019 | 9 |
| 2018-19 | കെ.എസ്.എ.എം.പി.എം 22/1733/21 തി: 06-11-2021 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം 22/2325/2022 തി: 22-12-2022 | 10 |
| 2020-21 | കെ.എസ്.എ.എം.പി.എം 22/1364/2022 (2) തി: 5-8-2022 | 8 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്